"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 13 റീസർവ്വെ നമ്പർ 60-ൽപ്പെട്ട ഭൂമി റവന്യൂ ഭൂമിയായി നിലനിർത്തിക്കൊണ്ട് ഭൂമി ലഭിക്കാൻ ബാക്കിയുള്ള പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്ക് പതിച്ച് നല്കാൻ അനുമതി നല്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.49/2024/RD തീയതി,തിരുവനന്തപുരം, 17-02-2024

---

പരാമർശം:-

1. കോഴിക്കോട് ജില്ലാ കളക്ടറുടെ 23.03.1976 തീയതിയിലെ എൽ4-1937/76 നമ്പർ നടപടിക്രമം
2. സ.ഉ (കൈ) നം.87/2010/റവ തീയതി: 03.03.2010
3. സ.ഉ (കൈ) നം.386/2010/റവ തീയതി: 13.09.2010
4. സ.ഉ (കൈ) നം.229/2017/റവ തീയതി: 13.07.2017
5. വയനാട് ജില്ലാ കളക്ടറുടെ 10.10.2020 തീയതിയിലെ എൽ1-22725 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിലെ ഇരുളം വില്ലേജിൽ കക്കോടൻ മൂസ്സാ ഹാജിയിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ 145 ഏക്കർ ഭൂമി പതിച്ചു നൽകാൻ ഫോറം 16 പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 276 അപേക്ഷകരാണുണ്ടായിരുന്നത്. കോഴിക്കോട് ജില്ലാ കളക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം 62 പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും 120 പൊതു വിഭാഗത്തിൽപ്പെട്ടവർക്കും ഉൾപ്പെടെ ആകെ 182 പേർക്ക് ഭൂമി പതിച്ച് നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട 107 പേർക്ക് പതിവ് പ്രമാണങ്ങൾ (ഫോറം 19) നൽകിയിട്ടുണ്ട്. പതിവ് ലഭിച്ച 107 പേരിൽ 30 പേരൊഴികെ ബാക്കിയുള്ളവർ ഭൂമി കൈവശം വെക്കാത്തതിനാൽ ജനറൽ വിഭാഗത്തിൽപ്പെട്ട 131 പേർ ഭൂമി കയ്യേറി അനധികൃതമായി താമസിച്ചുവരികയും പട്ടയം ലഭിക്കാൻ ആവശ്യപ്പെട്ട് പരാതി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കൈവശം വെച്ചിരുന്ന 30 പേർക്ക് ഫോറം 20-ലെ പട്ടയം നൽകിയിട്ടുള്ളതാണ്.

2) ഇതിനിടെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ചു നൽകിയില്ലെന്നാരോപിച്ച് ശ്രീ.കല്ലൂർകേശവൻ എന്നവർ സമർപ്പിച്ച പരാതിയെ തുടർന്ന് പട്ടികജാതി/പട്ടിക വർഗത്തിൽപ്പെട്ട 62 പേരെ കണ്ടെത്തുന്നതിന് നോട്ടീസ് നൽകിയെങ്കിലും 21 പട്ടിക വർഗ്ഗക്കാരും 19 പട്ടികജാതിക്കാരും ഉൾപ്പടെ 40 പേർ മാത്രമേ ഹാജരായിരുന്നുള്ളൂ. ഭൂമി ലഭിക്കാൻ ബാക്കിയുള്ള 21 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ 2 പേർക്ക് വനാവകാശ രേഖ നൽകിയിട്ടുള്ളതും, 11 പേർക്ക് കൃഷ്ണഗിരി വില്ലേജിൽ റീസർവ്വെ 401-ൽ 20 സെന്റ് വീതം വനഭൂമി

കൈവശരേഖ നൽകിയിട്ടുള്ളതുമാണ്. 21 പേരിൽ ബാക്കിയുള്ള 8 പേർക്ക് KLC പ്രകാരം ശ്രീമതി.വിജയമ്മ എന്നവരിൽ നിന്ന് ഒഴിപ്പിച്ചെടുത്ത് 7.20 ഏക്കർ ഭൂമി പതിച്ചു നൽകാനായി നീക്കി വെച്ചിട്ടുള്ളതാണ്. എന്നാൽ ഒഴിപ്പിച്ചതിനെതിരെ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സുൽത്താൻ ബത്തേരി മുൻസിഫ് കോടതിയിൽ OS-218/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭൂമി നിലവിൽ 8 പേർക്ക് പതിച്ച് നൽകിയിട്ടില്ല. ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീ സർവ്വെ 60-ൽ പ്പെട്ട 8 ഏക്കർ ഭൂമി പതിച്ചു നൽകാനായി 2018-ൽ സർവ്വെ നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും വനം വകുപ്പ് ടി ഭൂമിയിൽ അവകാശവാദം ഉന്നയിച്ചതിനെ തുടർന്ന് സർവ്വെ നടപടികൾ നിർത്തിവെച്ചിട്ടുള്ളതാണ്.

3) തുടർന്ന് ഇക്കാര്യം പരിശോധിക്കുകയും എന്നാൽ ബി.റ്റി.ആർ, റീ സർവ്വെ ആന്റ് റീസെറ്റിൽമെന്റ് രജിസ്റ്റർ, സർവ്വെ ആന്റ് സെറ്റിൽമെന്റ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചതിൽ നിന്നും ഈ ഭൂമി അടിസ്ഥാനപരമായി ഫോറസ്റ്റ് ഭൂമിയല്ലെന്നും സർക്കാർ വക ഭൂമിയിൽ പിൽകാലത്ത് ഫോറസ്റ്റ് കെട്ടിടം നിർമ്മിച്ചതിനാലാണ് സർവ്വെ സമയത്ത് റിമാർക്സ് കോളത്തിൽ ഫോറസ്റ്റ് പാളയം/ക്വാർട്ടേഴ്സ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കൂടാതെ കുറിച്യാട് റിസർവ്വ് ഫോറസ്റ്റിന്റെ അതിർത്തികൾ 04.10.1938 തീയതിയിലെ ഫോർട്ട് സെന്റ് ജോർജ് ഗസറ്റിൽ നിർവ്വചിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം ചേനാട് ദേശത്തിന്റെ സർവ്വെ നമ്പർ 1 ലാണ് കുറിച്യാട് റിസർവ്വ് ഫോറസ്റ്റ് എന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, 1928-ലെ റീസർവ്വെ ആന്റ് റീസെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിച്ചതിലും സർവ്വെ നമ്പർ 1 കാടായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ കിടങ്ങനാട് വില്ലേജിലെ മുൻസർവ്വെ 48/2 ലെ ഭൂമി കുറിച്യാട് റിസർവ്വ് ഫോറസ്റ്റുമായി ബന്ധമില്ല എന്നു വ്യക്തമാകുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തർക്കത്തിലുൾപ്പെട്ട ഭൂമി റവന്യൂ രേഖകളിൽ 'വനഭൂമി' എന്നു രേഖപ്പെടുത്തിയിട്ടില്ല. ' ഫോറസ്റ്റ് പാളയ സ്ഥലം ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, ആയത് Forest in nature അല്ല എന്നും കാണുന്നു. ' ഫോറസ്റ്റ് പാളയം ' എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ റിസർവ്വ് ഫോറസ്റ്റായി കണക്കാക്കാൻ പറ്റില്ല. മാത്രമല്ല, റവന്യൂ രേഖകളിൽ റവന്യൂ ഭൂമി ആയാണ് ടി സ്ഥലം രേഖപ്പെടുത്തിയിട്ടുള്ളത്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിടങ്ങനാട് വില്ലേജിൽ റീസർവ്വേ 60 ൽ നിന്നും കോഴിക്കോട് സർവ്വകലാശാലയ്ക്ക് 10 ഏക്കർ ഭൂമി 2010 ൽ പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് 2010 ൽ രണ്ടേക്കർ ഭൂമിയും ലൈഫ് മിഷനായി 2017 ൽ 50 സെന്റ് ഭൂമിയും കൈമാറി നൽകിയിട്ടുമുണ്ട്. കൂടാതെ, പ്രസ്തുത സ്ഥലത്ത് ഫോറസ്റ്റ് ഓഫീസും ക്വാർട്ടേഴ്സുകളും നിലവിലുണ്ട്. റവന്യൂ രേഖകളിൽ പ്രസ്തുത സ്ഥലം സർക്കാർ ഭൂമിയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്സ് കോളത്തിൽ ഫോറസ്റ്റ് പാളയം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് വനം വകുപ്പ് അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. സ്ഥലം വനം വകുപ്പിന്റെ കൈവശത്തിലാണെങ്കിലും നിലവിൽ വനത്തിന്റെ സ്വഭാവത്തിലുള്ള ഭൂമി അല്ലാത്തതിനാൽ വനം വകുപ്പിന്റെ അവകാശവാദം നിലനിൽക്കുന്നതല്ല. ആയതിനാൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീസർവ്വേ 60ൽ പ്പെട്ട ഭൂമി റവന്യൂ ഭൂമിയായി നിലനിർത്തി ഇരുളം മിച്ചഭൂമി ലഭിക്കാത്ത അർഹരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്ക് പതിച്ചു നൽകുന്ന കാര്യം പരിഗണനാർഹമാണ്.

6) മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീസർവ്വേ നമ്പർ 60-ൽപ്പെട്ട ഭൂമി വനം വകുപ്പ്

അവകാശപ്പെടുന്നത് പോലെ വനഭൂമി അല്ലാത്തതിനാൽ റവന്യൂ ഭൂമിയായി നിലനിർത്തി ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഒഫ് ഫോറസ്റ്റ്, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് -(14/2/2024-ലെ ഇനം നം 2059 പ്രകാരം)
നിയമവകുപ്പ്(UO no.5340/Advice-G2/2021/Law)
വനം വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Priya Vincent
Date: 17-02-2024 12:33:44
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-02-2024

ഇനം നം: 2059

ഫയൽ നം. എൽ3/2/2020/റവ.

വിഷയം : റവന്യൂ വകുപ്പ് - വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 സർവ്വേ നമ്പർ 60-ൽപ്പെട്ട ഭൂമി വനം വകുപ്പ് അവകാശപ്പെടുന്നതുപോലെ വനം ഭൂമിയല്ലാത്തതിനാൽ റവന്യൂ ഭൂമിയായി നിലനിർത്തി ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ച് നൽകുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

15/2

2059

കേരള സർക്കാർ

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എൽ3/2/2020/റവ. |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 സർവ്വേ നമ്പർ 60-ൽപ്പെട്ട ഭൂമി വനം വകുപ്പ് അവകാശപ്പെടുന്നതുപോലെ വനം ഭൂമിയല്ലാത്തതിനാൽ റവന്യൂ ഭൂമിയായി നിലനിർത്തി ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ച് നൽകുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16-12-2023 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.മേരി ലാലി. സി. വൈ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 05.02.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു.വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.02.2024 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/02/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14/02/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീ സർവ്വേ നമ്പർ 60-ൽപ്പെട്ട ഭൂമി വനം വകുപ്പ് അവകാശപ്പെട്ടതുപോലെ വനഭൂമിയല്ലാത്തതിനാൽ റവന്യൂ ഭൂമിയായി നിലനിർത്തി ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ച് നൽകുന്ന വിഷയം സംബന്ധിച്ചാണ് ഈ കുറിപ്പ്.

(2) കക്കോടൻ മൂസ്സാ ഹാജിയിൽ നിന്നും ഏറ്റെടുത്ത ഇരുളം വില്ലേജിലെ മിച്ചഭൂമി പതിച്ച നൽകിയതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(i) ഇരുളം വില്ലേജിലെ 145 ഏക്കർ മിച്ചഭൂമി പതിച്ച നൽകാൻ പ്രസിദ്ധീകരിച്ച ഫോറം -16 പ്രകാരം അപേക്ഷിച്ചവരുടെ എണ്ണം - 276

(ii) ജില്ലാ കളക്ടറുടെ 23.03.1976 ലെ L4/1937/76 പ്രകാരം പതിവ് ഉത്തരവ് ലഭിച്ചവരുടെ എണ്ണം - 182 ( 120 പൊതുവിഭാഗം + 62 പട്ടികജാതി / പട്ടികവർഗ്ഗം)

(iii) പട്ടയം കിട്ടിയ പൊതുവിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം - 107

(iv) പട്ടയം കിട്ടിയവരിൽ ഭൂമി കൈവശപ്പെടുത്തിയവരുടെ എണ്ണം - 30

(v) മേൽ ഭൂമി കൈയ്യേറി അനധികൃതമായി താമസിച്ച വരികയും പട്ടയം അനുവദിക്കാൻ അപേക്ഷിച്ചവരുടേയും എണ്ണം - 131

(vi) ഫോറം - 20-ൽ പട്ടയം ലഭിച്ചവരുടെ എണ്ണം - 30

(3) ഇതിനിടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ച നൽകിയില്ലെന്നാരോപിച്ച് ശ്രീകല്ലൂർ കേശവൻ അപേക്ഷ സമർപ്പിച്ചിരുന്നു.

തുടർന്ന് താഴെ പറയും പ്രകാരം നടപടി സ്വീകരിച്ചിരുന്നു.

(i) പതിവ്വ ഉത്തരവ് ലഭിച്ച 62 പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്കാരെ കണ്ടെത്തുന്നതിനായി നൽകിയ നോട്ടീസ് ലഭിച്ചശേഷം ജില്ലാ കളക്ടർ മുമ്പാകെ ഹാജരായ ആൾക്കാരുടെ എണ്ണം – 40 (21 പട്ടികവർഗ്ഗം + 19 പട്ടികജാതി)

(ii) ആയതിൽ പട്ടയം ലഭിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്കാരുടെ എണ്ണം – 13 ( ശ്രീമതി. വിജയമ്മ എന്നവരിൽ നിന്ന് ഒഴിപ്പിച്ചെടുത്ത ഭൂമി ബാക്കി 18 പേർക്ക് പതിച്ച നൽകാൻ നീക്കിവെച്ചിരുന്നു എങ്കിലും നഷ്ടപരിഹാരത്തിനായി സുൽത്താൻബത്തേരി മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്ത O.S. 218/19 നമ്പർ കേസിന്റെ അടിസ്ഥാനത്തിൽ ആയത് പതിച്ച നൽകാൻ കഴിഞ്ഞിട്ടില്ല)

(4) ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13, റീ. സർവ്വെ 60–ൽ പ്പെട്ട 8 ഏക്കർ ഭൂമി പതിച്ച നൽകാനായി 2018–ൽ സർവ്വെ നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും വനം വകുപ്പ് ടി ഭൂമിയിൽ അവകാശവാദം ഉന്നയിച്ചതിനെ തുടർന്ന് സർവ്വെ നടപടികൾ നിർത്തിവെച്ചിട്ടുള്ളതാണ്. ഈ ഭൂമിയുമായി ബന്ധപ്പെട്ട് ശ്രീഅഹമ്മദ് കുട്ടി ഫയൽ ചെയ്ത WP(C) 41273/18 -ലെ വിധി ന്യായത്തെ തുടർന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24.02.2020–ന് കൂടിയ യോഗത്തിൽ ടി ഭൂമി ആനതാരയ്ക്കും വന്യജീവി സംരക്ഷണത്തിനുമായി റിസർവ്വ് ചെയ്ത് വെയ്ക്കാൻ തീരുമാനമായിരുന്നു. കിടങ്ങനാട് വില്ലേജിലെ ബ്ലോക്ക് നം.13–ൽ റീ സർവ്വെ 60–ൽ പ്പെട്ട പ്രസ്തുത ഭൂമിയിൽ നിന്നും താഴെ പറയുന്ന പ്രകാരം ഭൂമി കൈമാറ്റം നടന്നിട്ടുള്ളതുമാണ്.

## ടി റവന്യൂ ഭൂമിയിൽ നാളിതുവരെ നടന്ന കൈമാറ്റങ്ങളുടെ വിശദാംശം

താലൂക്ക് -സുൽത്താൻ ബത്തേരി, വില്ലേജ്- കിടങ്ങനാട്, ബ്ലോക്ക് -13, റീ.സ. നം. 60

| ക്രമ. നം. | വകുപ്പ് /സ്ഥാപനം | വിസ്തീർണ്ണം (ഹെക്ടറിൽ) | സർക്കാർ ഉത്തരവ് | റിമാർക്സ് |
|---|---|---|---|---|
| 1 | പബ്ലിക്ക് ഹെൽത്ത് സെന്റർ, ചെതലയം | 0.8323 | സ.ഉ.(കൈ) നം.386/2010 തീയതി 13.09.2010 | ഭൂമി കൈമാറി |
| 2 | കാലിക്കറ്റ് സർവ്വകലാശാല | 4.4070 | സ.ഉ.(കൈ) നം.87/2010/ആർ.ഡി. തീയതി 03.03.2010 | ഭൂമി ലീസിന് നൽകി |
| 3 | ലൈഫ് മിഷൻ പദ്ധതി | 0.2024 | സ.ഉ.(കൈ) No.229/17/ആർ.ഡി. തീയതി 13.07.2017 | ഭൂമി കൈമാറി |

സുൽത്താൻബത്തേരി താലൂക്കിലെ റീ. സർവ്വേ 60-ലെ മൊത്തം ഭൂമിയും കറിച്യാട് റിസർവ്വ് ഫോറസ്റ്റ് ആണെന്നും ടി ഭൂമി റിസർവ്വ് ഫോറസ്റ്റിന്റെ ഭാഗമായി കണക്കാക്കുകയാണെങ്കിൽ 1980 ലെ the Forest (Conservation) Act ലെ 2-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ ആയത് dereserve ചെയ്യുവാനോ വനഭൂമി വനേതര ആവശ്യത്തിനായി ഉപയോഗിക്കുവാനോ കഴിയില്ല എന്നുമാണ് വനം വകുപ്പിന്റെ അവകാശവാദം ആയത് പരിഗണിക്കുകയാണെങ്കിൽ അത്, ടി ഭൂമിയിൽ ഇപ്പോൾ നിലനിൽക്കുന്ന യൂണിവേഴ്സിറ്റി കെട്ടിടം, ആരോഗ്യ കേന്ദ്രം, ലൈഫ് മിഷൻ എന്നിവ പ്രവർത്തിക്കുന്നതിന് നിയമപരമായി തടസ്സമുണ്ടാക്കുന്നതാണ്.

(5) മേൽ സാഹചര്യത്തിൽ നിയമ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" ശ്രീ. അഹമ്മദ് കുട്ടി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 41273/18 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു.ചീഫ് സെക്രട്ടറിയുടെ

അദ്ധ്യക്ഷതയിൽ 24.02.2020 ൽ കൂടിയ മീറ്റിംഗിൽ സുൽത്താൻ ബത്തേരി താലൂക്കിലെ റീസർവ്വെ 60 ലെ മൊത്തം ഭൂമിയും കുറിച്യാട് റിസർവ്വ് ഫോറസ്റ്റ് ആണെന്നും Forest Act പ്രകാരം വനഭൂമിയായി elephant corridor ആയി നിലനിർത്തേണ്ടതാണെന്നുമാണ് തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ ബി.റ്റി.ആർ, റീ സർവ്വെ ആന്റ് റീസെറ്റിൽമെന്റ് രജിസ്റ്റർ, സർവ്വെ ആന്റ് സെറ്റിൽമെന്റ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചതിൽ നിന്നും ഈ ഭൂമി അടിസ്ഥാനപരമായി ഫോറസ്റ്റ് ഭൂമിയല്ലെന്നും സർക്കാർ വക ഭൂമിയിൽ പിൽകാലത്ത് ഫോറസ്റ്റ് കെട്ടിടം നിർമ്മിച്ചതിനാലാണ് സർവ്വെ സമയത്ത് റിമാർക്സ് കോളത്തിൽ ഫോറസ്റ്റ് പാളയം/ക്വാർട്ടേഴ്സ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കൂടാതെ കുറിച്യാട് റിസർവ്വ് ഫോറസ്റ്റിന്റെ അതിർത്തികൾ 04.10.1938 തീയതിയിലെ ഫോർട്ട് സെന്റ് ജോർജ് ഗസറ്റിൽ നിർവ്വചിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം ചേനാട് ദേശത്തിന്റെ സർവ്വെ നമ്പർ 1 ലാണ് കുറിച്യാട് റിസർവ്വ് ഫോറസ്റ്റ് എന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, 1928-ലെ റീസർവ്വെ ആന്റ് റീസെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിച്ചതിലും സർവ്വെ നമ്പർ 1 കാടായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ കിടങ്ങനാട് വില്ലേജിലെ മുൻസർവ്വെ 48/2 ലെ ഭൂമി കുറിച്യാട് റിസർവ്വ് ഫോറസ്റ്റുമായി ബന്ധമില്ല എന്നു വ്യക്തമാകുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തർക്കത്തിലുൾപ്പെട്ട ഭൂമി റവന്യൂ രേഖകളിൽ 'Forest land ' എന്നു രേഖപ്പെടുത്തിയിട്ടില്ല. ' ഫോറസ്റ്റ് പാളയ സ്ഥലം ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ആയത് Forest in nature അല്ല എന്നും കാണുന്നു. ' Forest Palayam' എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ reserve forest ആയി കണക്കാക്കാൻ പറ്റില്ല. മാത്രമല്ല revenue records ൽ revenue land ആയാണ് ടി സ്ഥലം രേഖപ്പെടുത്തിയിട്ടുള്ളത്. റവന്യൂ

വകുപ്പിൽ ഉടമസ്ഥത നിലനിർത്തിക്കൊണ്ട് ടി സർവ്വെ നമ്പറിൽപ്പെട്ട ഭൂമി 2010 കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിന് കൈമാറിയതായും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് പാട്ടത്തിനു നൽകിയിട്ടുള്ളതായും, 2017 കാലഘട്ടത്തിൽ ലൈഫ് മിഷൻ പദ്ധതിക്ക കൈമാറിയതായും കാണുന്നു. എന്നാൽ ടി ഭൂമി കുറിച്യർ റിസർവ്വ് ഫോറസ്റ്റിന്റെ ഭാഗമാണെന്ന ചീഫ് സെക്രട്ടറിയുടെ യോഗത്തിൽ തീരുമാനപ്രകാരം ടി ഭൂമിയെ റിസർവ്വ് ഫോറസ്റ്റിന്റെ ഭാഗമായി കണക്കാക്കുകയാണെങ്കിൽ 1980-ലെ the Forest (Conservation ) Act ലെ 2-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ ആയത് de reserve ചെയ്യുവാനോ Forest land non-forest purpose നായി ഉപയോഗിക്കുവാനോ കഴിയില്ല. അത്, ടി ഭൂമിയിൽ യൂണിവേഴ്സിറ്റി കെട്ടിടം, ആരോഗ്യ കേന്ദ്രം, ലൈഫ് മിഷൻ എന്നിവ പ്രവർത്തിക്കുന്നതിന് തടസ്സമുണ്ടാകുന്നതുമാണ്. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടറെ നേരിൽ കേട്ടുകൊണ്ടും വനം/റവന്യൂ വകുപ്പുകൾ തമ്മിൽ ഇക്കാര്യത്തിൽ നിലനിൽക്കുന്ന പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിന് നടപടി എടുക്കുന്നതോടൊപ്പം 24.02.2020 തീയതിയിൽ ബഹു.ചീഫ് സെക്രട്ടറിയുടെ യോഗത്തിലെടുത്ത തീരുമാനം പുനഃപരിശോധിക്കുന്ന കാര്യവും ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്".

(6) നിലവിൽ 19 പട്ടിക ജാതിക്കാർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി കണ്ടെത്തിയ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീസർവ്വെ 60-ൽപ്പെട്ട ഭൂമിയിന്മേൽ വനം വകുപ്പ് അവകാശവാദം ഉന്നയിച്ച പ്രശ്നത്തിൽ തീരുമാനം ഉണ്ടായാൽ മാത്രമേ 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാകുകയുള്ളൂവെന്ന് 10/01/2023-ാം തീയതി ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വയനാട് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി

31.05.2023 ൽ ചേർന്ന ബഹു.വനം വകുപ്പ് മന്ത്രിയുടെയും, ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെയും സംയുക്ത യോഗത്തിൽ റവന്യൂ – വനം വകുപ്പിന്റെ അവകാശങ്ങളും വാദങ്ങളും രേഖപ്പെടുത്തികൊണ്ട് റവന്യൂ വകുപ്പ് ഈ വിഷയത്തിന്മേൽ പ്രൊപ്പോസൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു

(7) കിടങ്ങനാട് വില്ലേജിൽ റീസർവ്വേ 60 ൽ നിന്നും കോഴിക്കോട് സർവ്വകലാശാലയ്ക്ക് 10 ഏക്കർ ഭൂമി 2010 ൽ പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് 2010 ൽ രണ്ടേക്കർ ഭൂമിയും ലൈഫ് മിഷനായി 2017 ൽ 50 സെന്റ് ഭൂമിയും കൈമാറി നൽകിയിട്ടുമുണ്ട്. കൂടാതെ, പ്രസ്തുത സ്ഥലത്ത് ഫോറസ്റ്റ് ഓഫീസും ക്വാർട്ടേഴ്സുകളും നിലവിലുണ്ട്. റവന്യൂ രേഖകളിൽ പ്രസ്തുത സ്ഥലം സർക്കാർ ഭൂമിയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിമാർക്സ് കോളത്തിൽ ഫോറസ്റ്റ് പാളയം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് വനം വകുപ്പ് അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. സ്ഥലം വനം വകുപ്പിന്റെ കൈവശത്തിലാണെങ്കിലും നിലവിൽ വനത്തിന്റെ സ്വഭാവത്തിലുള്ള ഭൂമി അല്ലാത്തതിനാൽ വനം വകുപ്പിന്റെ അവകാശവാദം നിലനിൽക്കുന്നതല്ല. ആയതിനാൽ കിടങ്ങാട് വില്ലേജിൽ ബ്ലോക്ക് 13 റീസർവ്വേ 60 ൽ പ്പെട്ട ഭൂമി റവന്യൂ ഭൂമിയായി നിലനിർത്തി ഇരുളം മിച്ചഭൂമി ലഭിക്കാത്ത അർഹരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്ക് പതിച്ചു നൽകുന്ന കാര്യം പരിഗണനാർഹമാണ്.

(8) മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീ സർവ്വേ നമ്പർ 60 –ൽപ്പെട്ട ഭൂമി റവന്യൂ ഭൂമിയായി നിലനിർത്തി ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി പതിച്ച് നൽകുന്ന വിഷയത്തിന്മേൽ തീരുമാനം

കൈക്കൊള്ളുന്നതിനായി ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 സർവ്വേ നമ്പർ 60-ൽപ്പെട്ട ഭൂമി വനം വകുപ്പ് അവകാശപ്പെടുന്നത് പോലെ വനഭൂമി അല്ലാത്തതിനാലും റവന്യൂ ഭൂമിയായി നിലനിർത്തി ഭൂമി ലഭിക്കാൻ ബാക്കിയുള്ള 19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിന് അനുമതി നൽകാവുന്നതാണോ?